ഗ്രാം സഡക് യോജനയിൽപ്പെടുത്തി റോഡുണ്ടാക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ

157 [1875] ശ്രീ പി. ടി. തോമസ് :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പ്രധാനമന്ത്രിയുടെ ഗ്രാം സഡക് യോജനയിൽപ്പെടുത്തി റോഡുണ്ടാക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തെന്ന് വിശദീകരിക്കാമോ ;

(ബി) ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ മുതലായവർ പാർക്കുന്ന റോഡുബന്ധമില്ലാത്ത സെറ്റിൽമെന്റുകളിൽ പ്രധാനമന്ത്രിയുടെ ഗ്രാം സഡക് യോജന പ്രകാരം എത്ര റോഡുണ്ടാക്കിയിട്ടുണ്ട് ;

(സി) പ്രസ്തുത സ്കീമനുസരിച്ച് ഏതെല്ലാം സ്ഥലങ്ങളെ റോഡുമുഖേന ബന്ധിപ്പിക്കാമെന്നതിനെപ്പറ്റി പഠനം നടത്തുമോ ?

ഉത്തരം

(എ) അഞ്ഞൂറിൽ അധികം ജനസംഖ്യയുള്ള, റോഡുബന്ധമില്ലാത്ത ആവാസ കേന്ദ്രങ്ങളെ ഏതെങ്കിലും പ്രധാന റോഡുമായോ, റോഡുമായി ബന്ധപ്പെട്ടുകിടക്കുന്ന ഏതെങ്കിലും ആവാസകേന്ദ്രമായോ നല്ല റോഡ് മുഖേന ബന്ധപ്പെടുത്തുന്ന പദ്ധതിയാണ്. പി. എം. ജി. എസ്. വൈ. എം.പി. മാർ എം. എൽ. എ.മാർ എന്നിവർ പങ്കെടുക്കുന്ന ജില്ലാ പഞ്ചായത്തിന്റെ യോഗത്തിൽ വെച്ച് തീരുമാനിക്കുന്ന മുൻഗണനാ ക്രമമനുസരിച്ച് ബ്ലോക്കുകളിൽനിന്നുള്ള ഓരോ പാക്കേജിനും ഡി. പി. ആർ. തയ്യാറാക്കി ഗ്രാമവികസന കമ്മീഷണറേറ്റിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ സാങ്കേതിക അംഗീകാരത്തോടെ സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിക്ക് (ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം) പരിശോധനക്കായി നൽകുന്നു. സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസി പരിശോധിച്ച് അംഗീകാരം നൽകുന്ന മുറയ്ക്ക് ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും കമ്മിറ്റിയുടെ അനുമതി വാങ്ങി അംഗീകാരത്തിനായി അയയ്ക്കുകയും ചെയ്യുന്നു. കേന്ദ്രാനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് ജില്ലാ തലത്തിൽ ജില്ലാ ഗ്രാമവികസന ഏജൻസിയുടെ മേൽനോട്ടത്തിൽ ടെണ്ടർ ചെയ്ത് പണി നടത്തുന്നു.

(ബി) ആദിവാസി മേഖല/മൽസ്യത്തൊഴിലാളി മേഖല എന്നിങ്ങനെ മേഖല തിരിച്ച് റോഡുകൾ ഏറ്റെടുത്തിട്ടില്ല. എങ്കിലും പി.എം.ജി.എസ്.വൈ. യിൽ ഏറെടുത്തിട്ടുള്ള ചില റോഡുകൾ ഈ രണ്ട് വിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്നവയാണ്.

(സി) ഇപ്രകാരത്തിലുള്ള പഠനം നടന്നു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly